I. ഇ.ബി. XV1-കേരള നിയമസഭ/I-10

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജൂൺ 24, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അനുമോദനം

എം.എൽ.എ.-മാർക്ക് അനുമോദനം

മി. സ്പീക്കർ: ലോകകപ്പ് ഫുട്ബോളിനോടനുബന്ധിച്ച് തിരുവനന്തപുരം പ്രസ് ക്ലബ് 23-06-2026-ന് സംഘടിപ്പിച്ച നിയമസഭാ സാമാജികരും മാധ്യമപ്രവർത്തകരും ഉൾപ്പെട്ട ഫുട്ബോൾ മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച സ്പീക്കേഴ്സ്-XI ടീം ക്യാപ്റ്റനെയും മറ്റ് അംഗങ്ങളെയും സഭയുടെ അഭിനന്ദനം അറിയിക്കുന്നു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പി.എം.ശ്രീ പദ്ധതി

മി. സ്പീക്കർ: മുൻസർക്കാർ മരവിപ്പിച്ച പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കാനുള്ള സർക്കാർ തീരുമാനം പൊതുസമൂഹത്തിൽ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ പി. പ്രസാദ്, കെ. കെ രാമചന്ദ്രൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): നോട്ടീസിൽ പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ വസ്തുതാവിരുദ്ധമാണ്. പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിട്ടത് മുൻസർക്കാരാണ്. ഈ സർക്കാർ പുതിയ കരാറിൽ ഒപ്പുവയ്ക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഒപ്പിട്ട MoU-ഉം തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റും സമർപ്പിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷത്തിനുമുമ്പ് ഈ പദ്ധതി നടപ്പാക്കാൻ

സന്നദ്ധമാണെന്ന് അന്നത്തെ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. ധാരണാപത്രത്തിൽ ഒപ്പുവച്ചതുകൊണ്ട് പി.എം.ശ്രീ പദ്ധതിയിൽനിന്നും പിന്മാറാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ഹനിച്ചുകൊണ്ട് മുൻസർക്കാർ ഒപ്പുവച്ച കരാർ പരിശോധിക്കുന്നതിനായി നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം വരുന്നതിനുമുമ്പ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. പ്രസാദ്</u>: പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച യു.ഡി.എഫ്. അധികാരത്തിലെത്തിയതോടെ വിദ്യാർഥികളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിക്കുന്നില്ലെന്നത് ഖേദകരമാണ്. ധാരണാപത്രത്തിൽ ഒപ്പുവച്ചതുകൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ട് പോകാതിരിക്കാൻ കഴിയില്ലെന്ന വാദഗതി ശരിയല്ല. എസ്എസ്.കെ. ഫണ്ട് തടഞ്ഞുവയ്ക്കുന്ന അവസ്ഥയുണ്ടായതിനാൽ മുൻസർക്കാർ ധാരണാപത്രം ഒപ്പിട്ടെങ്കിലും സംസ്ഥാന വിഹിതം വകയിരുത്തുകയോ പദ്ധതി നടപ്പാക്കേണ്ട സ്കൂളുകളുടെ ലിസ്റ്റ് നൽകുകയോ സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ധാരണാപത്രം മരവിപ്പിച്ച കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ച സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ടുപോകേണ്ട നിർബന്ധിത സാഹചര്യമില്ലെന്ന് മാത്രമല്ല, സർക്കാരിന് നിയമപരമായ യാതൊരു ബാധ്യതയുണ്ടാകുകയുമില്ല. സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ ഹനിക്കുന്ന ഗൗരവതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>): പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട കരാറിൽനിന്ന് പിൻവാങ്ങുന്നതിന് ഭരണഘടനയുടെ പ്രൊവിഷൻസ് പ്രകാരം സംസ്ഥാന സർക്കാരിന് ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ കേസ് ഫയൽ ചെയ്യാമെന്നിരിക്കെ പദ്ധതി തൽക്കാലത്തേക്ക് നിർത്തിവയ്ക്കണമെന്ന കത്ത് നൽകുക മാത്രമാണ് മുൻസർക്കാർ ചെയ്തത്. ഈ സർക്കാർ കരാറിൽ ഒപ്പുവയ്ക്കുകയോ മുൻ സർക്കാർ ഒപ്പുവച്ച കരാറുകളിൽ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തുടർനടപടി ആരാഞ്ഞുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ കത്തിന്മേൽ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനാണ് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ടും രാഷ്ട്രീയ അജണ്ടകൾക്ക്

കീഴ്പെടാതെയുമുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീമതി ഉമ തോമസ്: നിരവധി സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശത്താണ് കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും സഞ്ചരിക്കാനുള്ള ബദൽ സൗകര്യമൊരുക്കാത്തതിനാൽ അവിടെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ ക്രെഡിബിലിറ്റി പരിശോധിക്കാനും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം. എളംകുളം മെട്രോ സ്റ്റേഷന്റെ ശോച്യാവസ്ഥ പരിഹരിക്കുകയും കൊച്ചി വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുകയും ആറാട്ടുകടവ്, ഉതിയൂർ പ്രദേശങ്ങളിലെ ജല ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുകയും വേണം. തൃക്കാക്കര ടൗൺഷിപ്പ്, ബണ്ട് റോഡ്, സ്മാർട്ട് സിറ്റി മെട്രോ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ അടിയന്തര ഇടപെടലുണ്ടാകുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആശങ്കകൾ ഗൗരവമായി കാണുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഗതാഗത തിരക്കുകൾ കുറയ്ക്കുന്നതിനായി ട്രാഫിക് വാർഡന്മാരെയും പൊലീസിനെയും അധികമായി വിന്യസിക്കുകയും ബദൽ/സമാന്തര റോഡുകൾവഴി ഗതാഗതം തിരിച്ചുവിടുന്നതിനുള്ള നിർദേശം നൽകുകയും ചെയ്യുന്നതാണ്. റോഡുകളുടെ വീതികൂട്ടുന്നതിനും ബദൽ റോഡുകൾ

നവീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ സ്ഥലങ്ങളിൽ കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ നടപടിയുണ്ടാകും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും പൊതുജനങ്ങളുടെ ദുരിതം പരമാവധി കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) റോഡ് നിർമ്മാണ പ്രവൃത്തിയിലെ പ്രതിസന്ധി

ശ്രീ. പി. പ്രസാദ്: സംസ്ഥാനത്തെ തടസ്സപ്പെട്ട റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ജില്ല തിരിച്ച് വിലയിരുത്തി അടിയന്തരമായി പൂർത്തിയാക്കണം. ഭരണപരമായ തടസ്സങ്ങൾ നീക്കുന്നതിനൊപ്പം ക്രൂഡോയിൽ-ബിറ്റുമിൻ വിലവർധന പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായോ എണ്ണക്കമ്പനികളുമായോ ചർച്ച നടത്തുകയും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്യണം. കരാറുകളുടെ നിരക്കുകൾ യുക്തിസഹമായി പുനഃപരിശോധിക്കുകയും പാതിവഴിയിൽ നിലച്ച പ്രവൃത്തികൾക്കായി പ്രത്യേക സംവിധാനം ഒരുക്കുകയും ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സംസ്ഥാനത്ത് റോഡ് നിർമ്മാണം സ്തംഭിച്ചിട്ടില്ല. മഴക്കാലത്ത് റോഡ് നിർമ്മാണം നടത്തുന്നത് റോഡിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും. അസംസ്കൃത വസ്തുക്കളുടെ വിലയിൽ മാറ്റമുണ്ടാകുന്നതിനനുസരിച്ച് കരാറുകാർക്ക് എസ്റ്റിമേറ്റ് നിരക്ക് വർധിപ്പിച്ച് നൽകാൻ സാധിക്കില്ല. ബിറ്റുമിൻ വിലയിലുണ്ടായ അസാധാരണ വർധനവുമൂലം കോൺട്രാക്ടർമാർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുക്കുന്നതാണ്.

**IV റൂളിങ്**

സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: അംഗങ്ങൾ സമയക്ലിപ്തത പാലിക്കാത്തതുമൂലം സഭാനടപടികൾ അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ സഭനിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണം, ആദ്യ വാക്കൗട്ട് പ്രസംഗം എന്നിവയ്ക്ക് 10 മിനിറ്റ് വീതവും സബ്മിഷൻ, മറുപടി എന്നിവയ്ക്ക് 4 മിനിറ്റും മാത്രം വിനിയോഗിക്കണമെന്നും ഓരോ അംഗവും അനുവദിച്ച സമയപരിധിയിൽ പ്രസംഗം അവസാനിപ്പിക്കണമെന്നും ചെയർ നിർദേശിക്കുന്നു.

## V സബ്മിഷൻ

### (1) പ്രവാസി ക്ഷേമ പെൻഷൻ

ശ്രീ. നജീബ് കാന്തപുരം: പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ അംശദായ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കാനും സെൽഫ് അറ്റസ്റ്റഡ് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനും പ്രവാസി ക്ഷേമപെൻഷൻ 5000 രൂപയായി വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പ്രവാസി ക്ഷേമനിധി ബോർഡിൽ ലഭ്യമായ പെൻഷൻ അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. എംബസി മുഖേന ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അസൗകര്യമുള്ള സാഹചര്യത്തിൽ ക്ഷേമനിധി ബോർഡിന്റെ വിദേശത്തുള്ള ഡയറക്ടർമാരുടെ വ്യക്തിഗത ഇ-മെയിലിൽനിന്നും ലഭ്യമാകുന്ന ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമ പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതോടൊപ്പം ലൈഫ് സർട്ടിഫിക്കറ്റ് കാലാവധി ദീർഘിപ്പിക്കുക, ജനപ്രതിനിധികൾ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റിന് സാധുത നൽകുക തുടങ്ങിയ വിഷയങ്ങൾ അടിയന്തരമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

### (2) വിതുര ഫയർ സ്റ്റേഷൻ

ശ്രീ. ജി. സ്റ്റീഫൻ: ശോചനീയാവസ്ഥയിലുള്ള വിതുര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ അടിയന്തര ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിതുര ഫയർസ്റ്റേഷനുവേണ്ടി പൊലീസ് വകുപ്പിൽനിന്നും വിട്ടുകിട്ടിയ 40 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയ പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിരുന്നില്ല. ഫയർസ്റ്റേഷൻ കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 24.2998 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിതുര ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിടത്തിനായി സമർപ്പിച്ച 456.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.

(3) വട്ടുകുന്നാമല കുടിവെള്ള പദ്ധതി

ശ്രീ. റോണി കെ. ബേബി: കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവന ചെയ്ത വട്ടുകുന്നാമല കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മണിമല ഗ്രാമപഞ്ചായത്തിലെ വട്ടുകുന്നാമല-വഞ്ചിക്കപ്പാറ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള വട്ടുകുന്നാമല കുടിവെള്ള പദ്ധതി പ്രവൃത്തി നിരവധി പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും കരാറുകാരെ ലഭ്യമാകാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലെ പ്രായോഗികതയ്ക്കായി ഫേസ്-1 പ്രവൃത്തികളെ രണ്ടായി വിഭജിച്ച് അനുമതി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫേസ്-1 പ്രവൃത്തികൾ വിഭജിച്ചശേഷം ടെൻഡർ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്ത സാഹചര്യത്തിൽ 2021-ലെ പുതുക്കിയ ഡി.എസ്.ആർ. പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് എത്രയുംവേഗം ഭരണാനുമതി നൽകാനും റീടെൻഡർ ചെയ്യാനും ആവശ്യമായ നടപടികൾ പൂർത്തിയാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

(4) തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം

ശ്രീ. കാരായി രാജൻ: തലശ്ശേരി ജനറൽ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): തലശ്ശേരി ജനറൽ ആശുപത്രിക്കായി വിഭാവന ചെയ്തിരിക്കുന്ന ആധുനിക മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആർക്കിടെക്ചറൽ ഡിസൈനും 184.30 കോടി രൂപയുടെ പ്ലിന്ത് ഏരിയ എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമുകൾക്ക് കീഴിൽ പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

(5) കാട്ടാനശല്യം തടയാൻ നടപടി

ശ്രീ. കെ. രാജൻ: ഒല്ലൂർ നിയോജകമണ്ഡലത്തിലെ കാട്ടാനശല്യം പരിഹരിക്കുന്നതിനും ആർ.ആർ.ടി. സംവിധാനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: കോതമംഗലം സ്കൂൾ പരിസരത്ത് കാട്ടാന വന്നത് സംബന്ധിച്ച് പരിശോധിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഒല്ലൂർ നിയോജകമണ്ഡലത്തിൽ കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഏഴ് താൽക്കാലിക വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആദിവാസി വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തി 500 പേരുള്ള സ്പെഷ്യൽ റിസർവ് ഫോഴ്സിനെ നിയമിക്കാനും സോളാർവേലി, ഹാങ്ങിങ് ഫെൻസിങ് എന്നിവ നിർമ്മിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. വന്യമൃഗശല്യം പരിഹരിക്കുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അംഗങ്ങളുമായി യോഗം ചേർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണ്.

കോതമംഗലം സ്കൂൾ പരിസരത്ത് കണ്ടെത്തിയ രോഗം ബാധിച്ച ആനയെ മയക്കുവെടിവച്ച് പിടികൂടാനും ചികിത്സ നൽകാനും നിർദേശം നൽകിയിട്ടുണ്ട്.

(6) ചടയമംഗലം താലൂക്ക് രൂപീകരണം

ശ്രീ. എം. എം. നസീർ: കൊട്ടാരക്കര താലൂക്ക് വിഭജിച്ച് ചടയമംഗലം-കടയ്ക്കൽ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): പുതിയ ജില്ലാ-താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നിർദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ചടയമംഗലം താലൂക്ക് രൂപീകരിക്കണമെന്ന നിർദേശം പരിശോധിക്കുന്നതാണ്.

(7) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഐ.ടി. അനുബന്ധ സൗകര്യങ്ങൾക്ക് ഫണ്ട് അനുവദിക്കൽ

ശ്രീ. സജീവ് ജോസഫ്: പൊതുവിദ്യാഭ്യാസ മേഖലയെ ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി സർക്കാർ, എയ്ഡഡ്

സ്കൂളുകൾക്ക് ആവശ്യമായ ഐ.ടി. അനുബന്ധ സംവിധാനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക ഫണ്ടിൽനിന്നും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ IT@school, ICT@school പദ്ധതികളിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കിഫ്ബി മുഖേന 45000 ക്ലാസ് റൂമുകൾ ഹൈടെക്കാക്കുകയും 11257 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ ഗണിത ലാബ് പദ്ധതി ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി തുക അനുവദിച്ചിട്ടുണ്ട്. എം.പി./എം.എൽ.എ./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ മുഖാന്തരവും സർക്കാർ പദ്ധതിയിലും ഉൾപ്പെടുത്തി മെച്ചപ്പെട്ട രീതിയിൽ ഐ.ടി. അനുബന്ധ ഉപകരണങ്ങൾ വാങ്ങിനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ

ഡോ. മാത്യു കുഴൽനാടൻ: മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): 2017-ലെ മാതൃത്വ ആനുകൂല്യ (ഭേദഗതി) നിയമ പ്രകാരം സ്വകാര്യ മേഖലയിലെ സ്ത്രീ ജീവനക്കാർക്ക് വേതനത്തോടുകൂടിയുള്ള പ്രസവാവധി 26 ആഴ്ചയായി ഉയർത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള വനിതാ ജീവനക്കാർക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്. പ്രസ്തുത നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(9) ദേശീയപാത 66-ന്റെ അശാസ്ത്രീയ നിർമ്മാണം

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ദേശീയപാത 66-ന്റെ അശാസ്ത്രീയ നിർമ്മാണത്തെത്തുടർന്ന് പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ നാഷണൽ ഹൈവേ അധികൃതരും പൊതുമരാമത്ത് വകുപ്പും സംയോജിച്ച് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ദേശീയപാത 66 കടന്നുപോകുന്ന തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുപ്പം, കപ്പണത്തട്ട് തുടങ്ങിയ പ്രദേശങ്ങളിലെ വെള്ളക്കെട്ടും ഡ്രെയിനേജ് പ്രശ്നങ്ങളും പരിഹരിക്കാനായി തദ്ദേശസ്വയംഭരണ, പൊതുമരാമത്ത് വകുപ്പുകൾ, ജില്ലാ ഭരണകൂടം, ദേശീയപാത അതോറിറ്റി എന്നിവയുടെ സംയുക്ത സഹകരണത്തോടെ സമഗ്ര ഡ്രെയിനേജ് നവീകരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. ഓവുചാലുകളുടെ ശുചീകരണത്തിനായി തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും വിന്യസിക്കുകയും പ്രവർത്തനങ്ങൾ പ്രത്യേക മൺസൂൺ റെസ്പോൺസ് ടീം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. കാണിക്കുന്ന് പ്രദേശത്തെ വെഹിക്കുലർ അണ്ടർപാസ് നിർമ്മാണം പുരോഗമിക്കുകയാണ്. ദേശീയപാത അതോറിറ്റി, ജില്ലാ ഭരണകൂടം, ബന്ധപ്പെട്ട ജനപ്രതിനിധി എന്നിവരുമായി ചർച്ച നടത്തി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണ്.

### (10) പുതിയങ്ങാടി ഫിഷിങ് ഹാർബർ നിർമ്മാണം

ശ്രീ. എം. വിജിൻ: മാടായി പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനായി പുതിയങ്ങാടി ഫിഷിങ് ഹാർബർ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് 2019-ൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 28.6 കോടി രൂപയുടെ ഭരണാനുമതി നൽകി റിവർ ട്രെയ്നിങ് പ്രവർത്തനങ്ങൾ ഏകദേശം പൂർത്തീകരിച്ചെങ്കിലും 2022-ലെ അവലോകന യോഗത്തിൽ നിലവിലെ ഹാർബറുകളുടെ ആധുനികവൽക്കരണത്തിന് മുൻഗണന നൽകണമെന്ന് തീരുമാനിച്ചതിനാൽ പദ്ധതി ആരംഭിച്ചില്ല. മത്സ്യത്തൊഴിലാളികളുടെ ദീർഘകാല ആവശ്യം പരിഗണിച്ച് വിശദമായ സാധ്യതാപഠനം നടത്തി കേന്ദ്ര/സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി പരിസ്ഥിതിക്ക് ഹാനികരമാകാത്ത രീതിയിൽ പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ധനകാര്യം

2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. ടോണി ചമ്മണി: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുന്ന ബജറ്റാണിത്. വർധിച്ച പൊതുകടത്തിന്റെയും ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ അനിവാര്യ ചെലവുകളുടെയും പരിമിതികൾക്കിടയിലും വികസന വെല്ലുവിളികളെ അതിജീവിക്കാൻ പ്രായോഗിക സമീപനം സ്വീകരിച്ചത് ശ്ലാഘനീയമാണ്. വിദ്യാർഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, കർഷകർ, സ്ത്രീകൾ, നിരാലംബർ തുടങ്ങി സമസ്ത ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഇൻക്ലൂസീവ് ഡെവലപ്മെന്റ് എന്ന ആശയമാണ് ഈ ബജറ്റിന്റെ പ്രത്യേകത. മിഷൻ സമുദ്ര, നൂതന ജലഗതാഗത സംവിധാനം, വൺ കേരള കരുതൽ മിഷൻ, ഇൻവെസ്റ്റ് കേരളം മിഷൻ, കേരള നോളജ് വാലി, കേരള സിൽവർ ഇക്കോണമി തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം നൽകുന്ന ഫിഷറീസ് സബ് പ്ലാൻ പുതിയ ദിശാബോധം നൽകുന്നതാണ്. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതും ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുമെന്ന പ്രഖ്യാപനവും അഭിനന്ദനാർഹമാണ്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം, കടലേറ്റം, കായലോര മേഖലകളിലെ വെള്ളക്കയറ്റം തുടങ്ങിയ ഗുരുതര പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി വൈപ്പിൻ നിയോജകമണ്ഡലത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണം.

ശ്രീ. എൻ. കെ. അക്ബർ: ബജറ്റിനെ എതിർക്കുന്നു. ഇന്ദിരാ ഗാരന്റികളിലെ പ്രിയദർശിനി സ്ത്രീ സൗജന്യയാത്ര പദ്ധതിക്ക് ബജറ്റിൽ 600 കോടി രൂപ മാത്രം വകയിരുത്തിയത് പ്രതിഷേധാർഹമാണ്. ആരോഗ്യ, വിദ്യാഭ്യാസ, മത്സ്യബന്ധന, ഗ്രാമീണ, വ്യവസായ മേഖലകളിലെ ബജറ്റ് വിഹിതവും പ്ലാനിങ് ബോർഡിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ഫണ്ടും വെട്ടിക്കുറച്ച നടപടി അപലപനീയമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് സംവിധാനമുള്ള ആശുപത്രികളിൽ ന്യൂറോളജി വിഭാഗം

ഏർപ്പെടുത്തുന്നതിനും മത്സ്യബന്ധന യാനങ്ങൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. മമ്മിയൂരിൽ ഫ്ലൈ ഓവറും കടപ്പുറം പഞ്ചായത്തിൽ കടൽഭിത്തിയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന കോട്ടപ്പടി-തമ്പുരാൻപടി റോഡ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണം.

ശ്രീമതി ഫാത്തിമ തഹിലിയ: ബജറ്റിനെ അനുകൂലിക്കുന്നു. സ്കൂളുകൾ വിദ്യാർഥി സൗഹൃദമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്കൂളുകളിൽ പെൺകുട്ടികൾക്ക് ആർത്തവ സമയത്ത് വിശ്രമിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. ഡിജിറ്റൽ ധാർമ്മികത, സ്വകാര്യത, മാനുഷിക മൂല്യങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും സൈബർ സുരക്ഷയ്ക്കുംവേണ്ടി കോഡ് ഓഫ് കോണ്ടക്ട് രൂപീകരിക്കണം. സ്വകാര്യതയിലേക്ക് കടന്നുകയറുന്ന ഓൺലൈൻ മീഡിയകളെ നിയന്ത്രിക്കുന്നതിനുള്ള നയം രൂപീകരിക്കണം. സമുദ്രത്തെയും തീരദേശത്തെയും ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചതും മയക്കുമരുന്ന് ശൃംഖല തകർക്കുന്നതിന് ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. കുറ്റ്യാടി-ബാലുശ്ശേരി ഇൻഡസ്ട്രിയൽ കോറിഡോർ നിർമ്മിക്കുന്നതിനും കുറ്റ്യാടിയെയും കോഴിക്കോടിനെയും ദേശീയപാതയുമായി ബന്ധിപ്പിച്ച് നാലുവരിപാത നിർമ്മിക്കുന്നതിനും പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡ് യാഥാർഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. നിപ ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങളെ സംരക്ഷിക്കണം.

ശ്രീ. സി. അജയപ്രസാദ്: ബജറ്റിനെ എതിർക്കുന്നു. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ മാത്രം സൗജന്യ യാത്ര അനുവദിച്ചതും സാമൂഹ്യക്ഷേമ പെൻഷൻ മൂവായിരം രൂപയായി വർധിപ്പിക്കുമെന്ന വാഗ്ദാനം പാലിക്കാത്തതും ആശാ വർക്കർമാരുടെ ഓണറേറിയം നാമമാത്രമായി വർധിപ്പിച്ചതും ലൈഫ് ഭവന പദ്ധതി ബജറ്റിൽ ഉൾപ്പെടാത്തതും നിരാശാജനകമാണ്. വിലക്കയറ്റം നിയന്ത്രിക്കാനോ വികസനവും ക്ഷേമവും ഉറപ്പാക്കാനോ പ്രത്യേക പദ്ധതികളില്ലാത്തത് ഖേദകരമാണ്. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നിലപാട് ആശങ്കാജനകമാണ്. തനത് വരുമാനം ഉയർത്താനുള്ള മാർഗങ്ങൾ ബജറ്റിലില്ലാത്തതും കേന്ദ്ര സർക്കാരിനോട് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ആവശ്യപ്പെടാത്തതും ബജറ്റ് എക്സ്പെൻഡിച്ചർ ചുരുക്കിയതും വികസനപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കും. പരമ്പരാഗത വ്യവസായങ്ങളുടെ

പുനരുദ്ധാരണത്തിനും പട്ടികജാതി/പട്ടികവർഗ ക്ഷേമത്തിനും തൊഴിലുറപ്പ് പദ്ധതിക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പുനലൂർ നിയോജകമണ്ഡലത്തിൽ റവന്യൂ ടവർ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണം.

ശ്രീ. മാണി സി. കാപ്പൻ: ബജറ്റിനെ അനുകൂലിക്കുന്നു. വൺ കേരള കരുതൽ മിഷൻ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവയ്ക്കും തീരദേശ മേഖലകൾ, ജലസേചന പദ്ധതികൾ, വെള്ളപ്പൊക്ക നിയന്ത്രണം, ടൂറിസം വികസനം, സമുദ്ര മേഖലയുടെ വളർച്ച, തുറമുഖ അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്കും തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുമെന്ന കാഴ്ചപ്പാട് അഭിനന്ദനാർഹമാണ്. പാലാ-മേലുകാവ് റോഡിന്റെ ഓവർലേ നടത്താനും പാലാ-എറണാകുളം സൂപ്പർ എക്സ്പ്രസ് ഹൈവേ പദ്ധതിയുടെ സാധ്യതാപഠനത്തിന് തുക വകയിരുത്താനും നടപടി സ്വീകരിക്കണം. കേരളത്തിൽനിന്നുള്ള സ്പെഷ്യൽ ഒളിമ്പിക്സ് വിജയികൾക്ക് പാരിതോഷികം അനുവദിക്കണം. പാലാ നിയോജകമണ്ഡലത്തിൽ സ്പോർട്സ് അക്കാദമിക്ക് ഭൂമിയും കോൾഡ് സ്റ്റോറേജ് ഫുഡ് പാർക്കും അനുവദിക്കണം. സന്ന്യസ്തർക്ക് പെൻഷൻ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ബജറ്റിനെ അനുകൂലിക്കുന്നു. ഏവിയേഷൻ ഹബ്ബ്, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, കേരള നോളജ് വാലി, ഭൂപരിഷ്കരണം എന്നിവ പ്രഖ്യാപിച്ചതും റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചതും ഇന്ദിരാ ഗാരന്റി നടപ്പിലാക്കിയതും അഭിനന്ദനാർഹമാണ്. ലഹരി മാഫിയയ്ക്കെതിരെയുള്ള ഓപ്പറേഷൻ തുഫാൻ കാമ്പയിൻ ശ്ലാഘനീയമാണ്. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം, പായമ്മൽ ശത്രുഘ്നസ്വാമി ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, തിരുമൂഴിക്കുളം ലക്ഷ്മണപെരുമാൾ ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി നാലമ്പല തീർഥാടന പാക്കേജ് പ്രഖ്യാപിക്കണം.

ശ്രീ. കെ. ബിനിമോൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ കടൽ മാർഗമുള്ള ചരക്ക് ഗതാഗതം ഉൾപ്പെടുത്തി കേരള മാരിടൈം പോളിസി രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തെ ലോകോത്തര ഉന്നത വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുന്നതിന് കേരള നോളജ് വാലി സ്ഥാപിക്കുമെന്നും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളും ആശാവർക്കമാരുടെ ഓണറേറിയം വർധിപ്പിച്ചതും തൊഴിലുറപ്പ് പദ്ധതി തുടർന്നും നടപ്പാക്കുന്നതിനും വയനാട് ട്രൈബൽ യൂണിവേഴ്സിറ്റിക്കുംവേണ്ടി തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്. തുറവൂർ-പമ്പ

തീർത്ഥാടന പാതയിലെ നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡ് വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ബജറ്റിൽ തുക വകയിരുത്താനും വൈക്കം-പൂത്തോട്ട റോഡ് വികസനം യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി ഉഷ വിജയൻ: ബജറ്റിനെ അനുകൂലിക്കുന്നു. വയോജനക്ഷേമ വകുപ്പ് ആരംഭിച്ചതും വയനാട് ട്രൈബൽ സർവകലാശാല ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും ആശ്രിതർക്ക് തൊഴിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. വയനാട്ടിലെ കർഷകരും കാർഷികമേഖലയും അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാനും വിള നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. വയനാട് മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി. വി. ശാന്തകുമാർ: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, അടിസ്ഥാനസൗകര്യ വികസനം, വയോജനം എന്നീ മേഖലകൾക്ക് ബജറ്റിൽ പ്രാധാന്യം നൽകിയത് സ്വാഗതാർഹമാണ്. അടൂർ നിയോജകമണ്ഡലത്തിൽ സിനിമ, നാടകം, ഫോക്‌ലോർ എന്നിവയ്ക്കായി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും ഗ്രാമീണ റോഡുകൾ സഞ്ചാരയോഗ്യമാക്കാനും തൊഴിൽശാലകൾ സ്ഥാപിക്കാനും ഉന്നതവിദ്യാഭ്യാസ രംഗത്ത് മെച്ചപ്പെട്ട കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം. അടൂർ ജനറൽ ആശുപത്രിയിൽ അടിസ്ഥാനസൗകര്യം വികസിപ്പിച്ചുകൊണ്ട് പോലീസ് സർജന്റെയും ഡോക്ടർമാരുടെയും സേവനം ഉറപ്പാക്കണം. പന്തളം നഗരവൽക്കരണത്തിനും ബൈപ്പാസ്, കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ്, അമിനിറ്റീസ് സെന്റർ, പന്തളം-പൂഴിക്കാട് ബണ്ട്, അടൂർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനും തുക വകയിരുത്തണം. ശബരിമല തീർത്ഥാടകരുടെ സഞ്ചാരപാതയായ തെങ്കാശി-രാജപാളയം കാനനപാത യാഥാർത്ഥ്യമാക്കണം. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ബജറ്റിൽ അധികതുക അനുവദിച്ചത് അഭിനന്ദനാർഹമാണ്. ഏവിയേഷൻ ഹബ്ബും ഭൂഗർഭ റെയിൽവെ പദ്ധതിയും നടപ്പാക്കുമ്പോൾ അടൂർ നിയോജകമണ്ഡലത്തിന് പരിഗണന നൽകണം.

ശ്രീ. എ. ഡി. തോമസ്: ബജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെ ജീവിതത്തിൽ പുതുവെളിച്ചം വീശുന്ന ബജറ്റാണിത്. പ്രിയദർശിനി സ്ത്രീ സൗജന്യയാത്ര

പദ്ധതി നടപ്പാക്കിയതും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനവും മത്സ്യമേഖലയ്ക്കായി ബജറ്റിൽ തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ ചെത്തി ഹാർബറിന്റെയും ചെട്ടികാട് ആശുപത്രിയുടെയും നിർമ്മാണം പൂർത്തിയാക്കാനും കയർ തൊഴിലാളികളുടെ കൂലി വർധിപ്പിക്കാനും മാരാരി, ആലപ്പുഴ ബീച്ചുകൾ പുനരുദ്ധരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പാറക്കൽ അബ്ദുല്ല: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഭാവി തലമുറയ്ക്കുവേണ്ടിയുള്ള ബജറ്റാണിത്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, മലബാർ ഫുട്ബോൾ സ്റ്റേഡിയം, എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക്, മലപ്പുറം കാൻസർ സെന്റർ, പുതിയ ജില്ലകളുടെയും താലൂക്കുകളുടെയും രൂപീകരണ സാധ്യതാപഠനം, പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്, ഓപ്പറേഷൻ തൂഫാൻ എന്നിവ ജനശ്രദ്ധയാകർഷിക്കുന്ന പദ്ധതികളാണ്. ഖത്തറിലെ റാസ് ലഫാൻ സ്ഫോടനത്തിൽ മരണപ്പെട്ട അർജുനന്റെ കുടുംബത്തിന് അടിയന്തര ധനസഹായം അനുവദിക്കണം.

ശ്രീ. ചാണ്ടി ഉമ്മൻ: ബജറ്റിനെ അനുകൂലിക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനം സാധ്യമാക്കിക്കൊണ്ട് കേരളത്തെ മാരിടൈം ഹബ്ബാക്കി മാറ്റാനുള്ള നടപടി ശ്ലാഘനീയമാണ്. കേരള നോളജ് വാലി, വയനാട് ട്രൈബൽ യൂണിവേഴ്സിറ്റി, ജെൻ-Z ആൻഡ് ന്യൂജെൻ ടെക്നോളജി തുടങ്ങിയവ വിദ്യാർഥികൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉതകുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പാക്കുന്നതിനായി തുക വകയിരുത്തിയത് ശ്രദ്ധേയമാണ്. കൊച്ചി മെട്രോ റെയിൽ വികസന പ്രവർത്തനങ്ങളുടെ അടുത്തഘട്ടത്തിൽ ഒരു സൈക്ലിങ് ട്രാക്ക് കൂടി യാഥാർഥ്യമാക്കാനുള്ള സ്ഥലമേറ്റെടുക്കണം. മലബാറിൽ ഫുട്ബോൾ സ്റ്റേഡിയം നിർമ്മാണത്തിന് തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. സ്കൂളുകളിൽ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും പാഠ്യപദ്ധതിയിൽ സ്പോർട്സ് നിർബന്ധിത വിഷയമാക്കുന്നതിനും നടപടി സ്വീകരിക്കണം. എയർപോർട്ട് ഇല്ലാത്ത ജില്ലകളിൽ എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിച്ചതും റബറിന്റെ താങ്ങുവില 250 രൂപയായി വർധിപ്പിച്ചതും അഭിനന്ദനാർഹമാണ്.

പുതുപ്പള്ളി നിയോജകമണ്ഡലത്തിന് ബജറ്റിൽ അർഹമായ പരിഗണന നൽകിയിരിക്കുന്നത് ശ്ലാഘനീയമാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: ബജറ്റിനെ എതിർക്കുന്നു. 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിലെ പ്രധാനപ്പെട്ട നിർദേശങ്ങളൊന്നും പുതുക്കിയ ബജറ്റിൽ ഉൾക്കൊള്ളിക്കാത്തത് ഖേദകരമാണ്. മുൻ സർക്കാരുകൾ പൊതുമേഖലയോടും ജനങ്ങളോടും സ്വീകരിച്ച നിലപാടുകളെ ഈ സർക്കാർ തമസ്കരിച്ചിരിക്കുകയാണ്. ജി.എസ്.ഡി.പി. നിരക്ക്, കടബാധ്യത എന്നിവ സംബന്ധിച്ച് ബജറ്റിൽ സൂചിപ്പിച്ചിട്ടുള്ളത് വസ്തുതാപരമല്ല. കേന്ദ്രത്തിൽനിന്ന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക നേടിയെടുക്കുന്നതിന് യോജിച്ച് പ്രവർത്തിക്കണം. പ്ലാനിങ് ബോർഡിനെ ഒരു 'തിങ്ക്-ടാങ്ക്' ആയി പുനഃസംഘടിപ്പിക്കുന്നതും വൈദ്യുതി-തുറമുഖ-കരിമണൽ മേഖലകളിൽ സ്വകാര്യവത്കരണം ലക്ഷ്യമിടുന്നതും വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് പ്രഖ്യാപിച്ചതും പ്രതിഷേധാർഹമാണ്. ബജറ്റിൽ കേന്ദ്രത്തിന്റെ കേരളവിരുദ്ധ നിലപാടിനെതിരെ പരാമർശമില്ലാത്തത് ഖേദകരമാണ്. കഴിഞ്ഞ സർക്കാർ അവതരിപ്പിച്ച ബജറ്റിലെ നിർദേശങ്ങൾ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. മുൻ സർക്കാർ സ്ത്രീ സുരക്ഷാ പദ്ധതിക്കായി വകയിരുത്തിയ 3720 കോടി രൂപ വെട്ടിക്കുറച്ചാണ് പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രയ്ക്കായി 600 കോടി രൂപ അനുവദിച്ചിട്ടുള്ളത്. ലോട്ടറി വകുപ്പിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ ഏർപ്പെടുത്തുമെന്നും ആധുനിക ഡാറ്റ അനലിറ്റിക്സ് പ്ലാറ്റ്ഫോം സജ്ജമാക്കുമെന്നുമുള്ള പ്രഖ്യാപനം ലോട്ടറി ഏജന്റുമാരെയും കച്ചവടത്തെയും ദോഷകരമായി ബാധിക്കാൻ പാടില്ല. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിനും തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിനും (CET) കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ഓഫ് ദി യൂണിവേഴ്സിറ്റി പദവി നൽകുമെന്ന പ്രഖ്യാപനം സംബന്ധിച്ച് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, അഷ്വേർഡ് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കണം. പൊതുമേഖലയെ വൻകിട കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്ന സാമ്പത്തികനയം സംസ്ഥാനത്തിന് ഗുണകരമല്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തിന്റെ സാധ്യതകൾ കൃത്യമായി പരിശോധിച്ച് തയ്യാറാക്കിയ ബജറ്റാണിത്. കഴിഞ്ഞ ബജറ്റിലെ കാര്യങ്ങൾ അതേപടി നിലനിർത്തിയിട്ടുള്ളതിനാൽ അക്കാര്യങ്ങൾ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മാറിവരുന്ന തൊഴിൽമേഖലയ്ക്കനുസൃതമായി യുവജനങ്ങളെ സജ്ജരാക്കുന്നതിന് ഗ്ലോബൽ ജോബ് വാച്ച് ടവർ, കേരള നോളജ് വാലി എന്നിവ സ്ഥാപിക്കുകയും അതിനനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരിക്കുകയും ചെയ്യും. വയോജനങ്ങളെ സംരക്ഷിക്കുന്നതിനും വയോജനങ്ങളും യുവജനങ്ങളുമായി ചേർന്ന് നടപ്പാക്കാൻ സാധിക്കുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. അന്താരാഷ്ട്ര നിലവാരത്തിൽ കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതാണ്. നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാതെ കൃത്യമായ ഫിനാൻഷ്യൽ മാനേജ്മെന്റിലൂടെ ഖജനാവ് നിറയ്ക്കാൻ നടപടി സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ പോളിസിയനുസരിച്ച് കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സംയുക്തമായി സതേൺ കേരള ഇക്കണോമിക് കോറിഡോറും റയർ എർത്ത് ആൻഡ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോറും രൂപീകരിക്കുന്നതിനും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പ്രവാസികളെ നിക്ഷേപകരും സംരംഭകരുമാക്കിക്കൊണ്ട് വരുമാനദായക പദ്ധതികൾ തയ്യാറാക്കി കേരളത്തിന്റെ സാമ്പത്തിക വികസനം സാധ്യമാക്കുന്നതാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടി ഡാറ്റാ-ഡ്രിവൺ ഗവേണൻസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. നികുതി ചോർച്ച തടയുന്നതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോക്കോൾ തയ്യാറാക്കും. ജി.എസ്.ടി. അടക്കമുള്ള വകുപ്പുകളെ ആധുനികവൽക്കരിക്കുകയും ടാക്സ് ഡ്രൈവ് നടത്തി നികുതി ചോർച്ച തടയുകയും ചെയ്യും. എസ്.സി./എസ്.റ്റി. അലോക്കേഷനിലെ കുറവുനികത്താൻ എസ്.സി.പി-യിലും ടി.എസ്.പി.-യിലും അധിക തുക വകയിരുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന് 50 കോടി രൂപ അധികമായി വകയിരുത്തുകയാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകും. വന്യജീവി സംഘർഷം, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് എന്നിവമൂലം പ്രയാസപ്പെടുന്ന മലയോരമേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മലയോര വികസനത്തിനുമായി മികച്ച പദ്ധതികൾ ആവിഷ്കരിക്കും. VB-G RAM G-ക്കുള്ള സംസ്ഥാന വിഹിതം 40 ശതമാനമായി വർധിപ്പിക്കണമെന്നതുൾപ്പെടെ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന എല്ലാ നടപടികൾക്കെതിരെയും സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. വീര്യംകുറഞ്ഞ മദ്യം വിൽക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് അനുമതി നൽകിയിട്ടുള്ളത്. അത് വിൽക്കണമെന്നാണ് ഈ സർക്കാരിന്റെ

തീരുമാനമെങ്കിൽ ഇപ്പോൾ ബജറ്റിൽ പ്രഖ്യാപിച്ച നികുതി ഘടനയിൽ നടപ്പാക്കുന്നതാണ്. കേരളത്തിലെ യുവതലമുറയുടെ പ്രതീക്ഷകൾ യാഥാർഥ്യമാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കും. വ്യവസായ ഐ.ടി. ഫ്യൂച്ചർ ടെക്നോളജി ആൻഡ് എ.ഐ. വകുപ്പിന് 100 കോടി രൂപ അധികമായി വകയിരുത്തുന്നു. അരൂരിൽ കെ. ആർ. ഗൗരിയമ്മയുടെ സ്മാരകത്തിന് ഒരു കോടി രൂപയും ശാസ്താംകോട്ട താലൂക്കാശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് 5 കോടി രൂപയും വകയിരുത്തുന്നു. കോടിക്കൽ മിനി ഫിഷിങ് ഹാർബർ നിർമ്മാണത്തിന് 7.5 കോടി രൂപയും മാവൂർ പഞ്ചായത്തിലെ കുറ്റിക്കടവ് പാലം നിർമ്മിക്കുന്നതിന് 10 കോടി രൂപയും വകയിരുത്തുന്നു. പണ്ഡിറ്റ് കറുപ്പൻ സ്മാരക നിർമ്മാണം പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപയും അമ്പൂരി പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയാൻ ഒരു കോടി രൂപയും വകയിരുത്തുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് 50 കോടി രൂപ അധികമായി വകയിരുത്തുന്നു. തിരൂർ കാൻസർ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങാൻ 3 കോടി രൂപയും നീർക്കടവ് ഫിഷ് ലാൻഡിങ് സെന്ററിന് 5 കോടി രൂപയും കുന്നത്തുനാട് സ്റ്റേഡിയം നിർമ്മാണത്തിന് 5 കോടി രൂപയും വകയിരുത്തുന്നു. ഷിറിയ റെയിൽവേ അടിപ്പാത നിർമ്മാണത്തിന് 3 കോടി രൂപയും കറുകച്ചാൽ ഫയർസ്റ്റേഷൻ നിർമ്മാണത്തിന് ഒരു കോടി രൂപയും വെള്ളയിൽ ഫിഷിങ് ഹാർബർ നവീകരണത്തിന് 2 കോടി രൂപയും കോവളം നിയോജകമണ്ഡലത്തിൽ സ്ഥലംവാങ്ങി സ്റ്റേഡിയം നിർമ്മിക്കാൻ 20 കോടി രൂപയും കക്കോടി പോലീസ് സ്റ്റേഷന് 2 കോടി രൂപയും കരുവറ്റൂർ എഫ്.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്താൻ 1.5 കോടി രൂപയും വകയിരുത്തുന്നു. കാഞ്ഞിരപ്പുഴ പഞ്ചായത്ത് കാഞ്ഞിരം മുതൽ ആനമൂളി വരെയുള്ള റോഡിന് ഒരു കോടി രൂപയും നീലിപ്പാറ മണിയൻകിണർ റോഡ് നവീകരണത്തിന് 2 കോടി രൂപയും വകയിരുത്തുന്നു. പുഞ്ചിരിപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനും സൗന്ദര്യവൽക്കരത്തിനും ഒരു കോടി രൂപയും വളാഞ്ചേരി ഫയർ സ്റ്റേഷന് 5 കോടി രൂപയും പുത്തൂർ-ചെന്നയ്ക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 5 കോടി രൂപയും വകയിരുത്തുന്നു. മമ്പുറം ഹെറിറ്റേജ് വില്ലേജ് പദ്ധതി നടപ്പാക്കും. ഇരിങ്ങാലക്കുട നാലമ്പല തീർഥാടന പാക്കേജിന് 10 കോടി രൂപ അനുവദിക്കുന്നു. കടുത്തുരുത്തി വലിയ തോടുകളുടെയും ജലാശയങ്ങളുടെയും പുനരുജ്ജീവനം, വെള്ളപ്പൊക്കനിയന്ത്രണം, ജലസേചന ടൂറിസം, അടിസ്ഥാനസൗകര്യ വികസനം

എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു. കരമന-കളിയിക്കാവിള നാലുവരിപ്പാത വികസനത്തിന്റെ അടുത്ത റീച്ചിനാവശ്യമായ തുക അനുവദിക്കും. കടുത്തുരുത്തി പഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനും അനുബന്ധ വികസന പ്രവർത്തനങ്ങൾക്കും 2 കോടി രൂപ വകയിരുത്തുന്നു. പുനലൂർ റവന്യൂ ടവർ നിർമ്മാണത്തിന് ഒരു കോടി രൂപ ആദ്യഘട്ടമായി അനുവദിക്കുന്നു. ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് 2 കോടി രൂപയും കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിന് 5 കോടി രൂപയും മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിൽ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് 5 കോടി രൂപയും വകയിരുത്തുന്നു. പാലാ-എറണാകുളം സൂപ്പർഫാസ്റ്റ് ഹൈവേ നിർമ്മാണ പഠനത്തിനായി ഒരു കോടി രൂപയും റിവർവ്യൂ റോഡ് വന്നുനിൽക്കുന്ന സാന്തോം കോംപ്ലക്സ് മുതൽ വൈക്കം റോഡ് ആർ.വി. ജങ്ഷൻ ക്രോസ് ചെയ്തുള്ള ഫ്ലൈഓവറിന്റെ പ്രാഥമിക പഠനത്തിനായി 10 ലക്ഷം രൂപയും പാലായിൽ പൂർത്തിയാകാത്ത ബൈപ്പാസ് റോഡിന്റെ റിവർ വ്യൂ റോഡിന് ഭൂമിയേറ്റെടുക്കുന്നതിന് 5 കോടി രൂപയും വകയിരുത്തുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപ്പൂഞ്ചിറ, ഇല്ലിക്കൽക്കല്ല് വികസനത്തിന് 3 കോടി രൂപയും പിറവത്തെ ടി. എം. ജേക്കബ് സ്മാരക നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിക്കും. ആലുവ നാഷണൽ ഹൈവേയിൽ പുളിഞ്ചോട് മുതൽ മംഗലപ്പുഴ പാലംവരെയുണ്ടാകുന്ന ട്രാഫിക് ബ്ലോക്ക് മാറ്റുന്നതിനായി നാറ്റ്പാകിന്റെ മേൽനോട്ടത്തിൽ സാധ്യതാപഠനം നടത്തുന്നതിന് 30 ലക്ഷം രൂപ അനുവദിക്കുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് ഡിപ്പാർട്ടുമെന്റിന് 5 കോടി രൂപ അധികമായി വകയിരുത്തുന്നു. കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നവീകരണത്തിന് 4 കോടി രൂപയും രാമന്തളി വടക്കുംപാട് മാപ്പിള യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയും പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി നവീകരണത്തിന് 6 കോടി രൂപയും കന്യാകുളങ്ങര സിയോൻകുന്ന് റോഡിന് 2 കോടി രൂപയും മല്ലപ്പള്ളി ഫയർ സ്റ്റേഷന് ഒരു കോടി രൂപയും വകയിരുത്തുന്നു. മുക്കയം എഫ്.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു. കാഷ്യൂ വർക്കേഴ്സ് ഗ്രാറ്റുവിറ്റി തുകയിനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കുന്നു.

## IX **ഉപക്ഷേപം**

<u>ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം</u>

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): നിയമസഭാ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142, 236 എന്നിവ പൂർണ്ണമായും ചട്ടം 143 ഭാഗികമായും സസ്പെൻഡ് ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ പാസ്സാക്കി.

(സഭ ഉച്ചയ്ക്കുശേഷം 3.31-ന് പിരിഞ്ഞു)

* * *